## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 362** **28.11.2018 -ൽ മറുപടിക്ക്.**

## എ.പി.എൽ - ബി.പി.എൽ ലിസ്റ്റിലെ അപാകത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. രാജഗോപാലൻ** | **ശ്രീ. പി. തിലോത്തമൻ** (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് സപ്ലൈ ഓഫീസിനുകീഴിൽ വരുന്ന എ.പി.എൽ - ബി.പി.എൽ ലിസ്റ്റിൽ വ്യാപകമായി അപാകത ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടുത്തിയിട്ടും ഇതു പരിഹരിക്കാൻ കഴിയാതെ വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; | (എ) യും (ബി) യും കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് സപ്ലൈ ഓഫീസിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ലഭ്യമായ അപേക്ഷകളിൻമേൽ അദാലത്തുകൾ നടത്തി പരിശോധനയിലൂടെ അർഹരാണെന്ന് ഇതുവരെ കണ്ടെത്തിയ 2760 പേരെ പ്രസ്തുത പട്ടികയിൽ ഉണ്ടായ ഒഴിവുകളുടേയും ലഭ്യമായ മാർക്കിന്റെയും അടിസ്ഥാനത്തിൽ, മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരമുള്ള മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമായതിനാൽ അനർഹരെ ഒഴിവാക്കി, അർഹതയുള്ളവരെ ഉൾപ്പെടുത്തുന്ന പ്രക്രിയ തുടർന്നുകൊണ്ടിരിക്കും. |
| (ബി) കുറ്റമറ്റരീതിയിൽ ഇവ പരിഹരിക്കാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ ? | |

*സെക്ഷൻ ഓഫീസർ*